ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

മേലെഴുത്ത് നമ്പർ : **DTETVM/4538/2026-EA2 (EA)** തീയതി: **01-07-2026**

യോഗത്തിന്റെ നടപടിക്കുറിപ്പ് തുടർ നടപടികൾക്കായി എല്ലാ സ്ഥാപനമേധാവികളെയും അറിയിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിശ്വസ്തതയോടെ,

Digitally signed by
RASHEEDA S
Date: 01-07-2026
16:36:38

**RASHEEDA S**
**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്:

എല്ലാ സ്ഥാപന മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

കായിക യുവജനകാര്യ (എ) വകുപ്പ്

നമ്പർ.A4/150/2026-കാ.യു.വ

18-06-2026,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1. ശ്രീമതി. പി ടി ഉഷ M P , പ്രസിഡന്റ്, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ
2. ശ്രീ. വി വി രാജേഷ്, മേയർ, തിരുവനന്തപുരം
3. സിറ്റി പോലീസ് കമ്മീഷണർ, തിരുവനന്തപുരം
4. ശ്രീമതി. അനുകുമാരി IAS , ജില്ലാ കളക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, കായികയുവജന കാര്യാലയം, തിരുവനന്തപുരം
6. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
7. പ്രസിഡന്റ്, കേരള ഒളിമ്പിക് അസോസിയേഷൻ

സർ,

**വിഷയം:-** കായിക യുവജനകാര്യ വകുപ്പ്- 2026 ജൂൺ 23-ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഏഷ്യൻ ഗെയിംസ് ഫൺ റണ്ണിന്റെ ക്രമീകരണങ്ങളെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി 04.06.2026-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ് അയക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** 04.06.2026-ന് ബഹു.മുഖ്യമന്ത്രിയുടെ നിയമസഭാ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2026 ജൂൺ 23-ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഏഷ്യൻ ഗെയിംസ് ഫൺ റണ്ണിന്റെ (Asian Games Fun Run) ക്രമീകരണങ്ങളെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി 04.06.2026-ന്

ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് ആവശ്യമായ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

അജികുമാർ ജി

ഡെപ്യൂട്ടി സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**പകർപ്പ്:** ബഹു.മുഖ്യമന്ത്രിയുടെ പി എസ്സിന്

ബഹു.കായിക വകുപ്പ് മന്ത്രിയുടെ പി എസ്സിന്

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

കായിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

കായിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എയ്ക്ക്

കായിക വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എയ്ക്ക്

**<u>ഒളിമ്പിക് ദിനാഘോഷങ്ങളുടെ ഭാഗമായി കേരള ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന ഏഷ്യൻ ഗെയിംസ് ഫൺ റണ്ണിനെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി 04.06.2026 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ നിയമസഭാ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്</u>**

യോഗം ഉച്ചയ്ക്ക് 2:00 മണിക്ക് ആരംഭിച്ചു.

ബഹു. കായിക വകുപ്പ് മന്ത്രി ശ്രീ.ഒ.ജെ.ജനീഷ്, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ.റോജി. എം. ജോൺ, ബഹു.എം.പിയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റുമായ ശ്രീമതി പി. ടി . ഉഷ എന്നിവരെ കൂടാതെ യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കേരള ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ 23.06.2026 ന് തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന 'ഏഷ്യൻ ഗെയിംസ് ഫൺ റണ്ണി'നെ കുറിച്ച് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി. പി ടി ഉഷ വിശദീകരിച്ചു.

സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 4 വരെ തീയതികളിലായി നടക്കാൻ പോകുന്ന 2026-ലെ ഏഷ്യൻ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നത് ജപ്പാൻ ആണെന്നും, ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യ (OCA) എല്ലാ ഏഷ്യൻ ഗെയിസിനും മുന്നോടിയായി സംഘടിപ്പിക്കാറുള്ള രാജ്യാന്തര 'ഫൺ റണ്ണിന്' തെരഞ്ഞെടുത്തിട്ടുള്ള രാജ്യം ഇന്ത്യയാണെന്നും, ഇന്ത്യയിൽ, തിരുവനന്തപുരത്തെയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് അറിയിച്ചു.

പ്രസ്തുത പരിപാടികൾ നിലവിൽ എങ്ങിനെയാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് ബഹു. മുഖ്യമന്ത്രി ആരാഞ്ഞു.

ഏഷ്യൻ ഗെയിംസിന്റെ പ്രചാരണാർത്ഥം രാജ്യത്ത് തന്നെ ആദ്യമായി നടക്കുന്ന 'ഫൺ റൺ' 2026 ജൂൺ 23-ന് വൈകുന്നേരം 4 മണിയ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും, ഒളിമ്പിക് കൗൺസിൽ

ഓഫ് ഏഷ്യ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ എന്നിവയിലെ ഭാരവാഹികൾ നേരിട്ട് പങ്കെടുക്കുമെന്നും, പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 40,000-ത്തോളം ആളുകളെ പങ്കെടുപ്പിക്കുന്നതിനും, മറ്റ് 13 ജില്ലകളിലും ഒരേസമയം 'ഒളിമ്പിക് ദിന റാലി'യായി ഇത് സംഘടിപ്പിക്കുന്നതോടെ സംസ്ഥാനത്താകെ രണ്ടു ലക്ഷത്തിലധികം ജനങ്ങളെ അണിനിരത്തുന്നതിനും ലക്ഷ്യമിടുന്നുണ്ടെന്നും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് അറിയിച്ചു.

ഇന്ത്യയിൽ നടക്കാനിരിക്കുന്ന 2036 ഒളിമ്പിക്സിന്റെ പ്രതീകമായി 'ഒളിമ്പിക് ഫോറസ്റ്റ്' എന്ന പേരിൽ 2036 വൃക്ഷത്തൈകൾ നടുന്ന പദ്ധതിയെക്കുറിച്ചും, ഇത് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നടത്തുന്നതിനെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി.

മേൽ വിഷയങ്ങൾ യോഗം വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. "ഏഷ്യൻ ഗെയിംസ് ഫൺ റൺ " , "ഒളിമ്പിക് ഫോറെസ്റ്റ് " പദ്ധതി എന്നിവ വിജയപ്രദമാക്കുന്നതിനു കായിക മേഖലയിലെ വിവിധ സംഘടനകളുടെയും, വിവിധ വകുപ്പുകളുടെയും സഹായസഹകരണങ്ങൾ ഉറപ്പാക്കേണ്ടതാണ്.

2. പരമാവധി സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ, പൊതുവിദ്യാഭ്യാസ വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

3. 'ഒളിമ്പിക് ഫോറസ്റ്റ്' പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ നടുന്നത് ജൂൺ 19-നു നടത്തുന്നതിന് തീരുമാനമെടുത്തു.

4. 'ഒളിമ്പിക്സ് ഫോറസ്റ്റ്' പദ്ധതിയുടെ ഭാഗമായി നിയമസഭാ സമുച്ചയത്തിൽ വൃക്ഷത്തൈകൾ നടുന്നതിന് ബഹു. സ്പീക്കറുടെ അനുമതി തേടുന്നതിനും ആയതിലേയ്ക്ക് പരമാവധി നിയമസഭാ സാമാജികരുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണെന്നും, വൃക്ഷത്തൈകൾ ലഭ്യമാക്കുന്നതിന് വനം വന്യജീവി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതിന് കേരള ഒളിമ്പിക്സ് അസോസിയേഷനെ ചുമതലപ്പെടുത്തി.

5. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

6. സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും ആയത് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനും സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി.

7. അതത് ജില്ലകളിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി.

8. പരിപാടിയുടെ ഏകോപനത്തിനായി ജില്ലാ കളക്ടർ, സിറ്റി പോലീസ് കമ്മീഷ്ണർ, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുമായി ചേർന്ന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് കേരള ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റിന് നിർദ്ദേശം നൽകി.

9. കാലവർഷം മുൻകൂട്ടികണ്ടു കൊണ്ട് വേണ്ട മുന്നൊരുക്കങ്ങൾ ജില്ലാ ഭരണകൂടവുമായി സഹകരിച്ച് KOA നടത്തേണ്ടതാണ്.

യോഗം 2: 15pm നു അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ</u>

1. ശ്രീ. ജീവൻ ബാബു കെ IAS, സ്പെഷ്യൽ സെക്രട്ടറി, കായിക യുവജനകാര്യവകുപ്പ്

2. ശ്രീമതി. അനുകുമാരി IAS, കളക്ടർ , തിരുവനന്തപുരം
3. ശ്രീ.കാർത്തിക് . കെ . IPS, സിറ്റി പോലീസ് കമ്മീഷണർ, തിരുവനന്തപുരം

4. ഡോ. റെജിൽ IAS, ഡയറക്ടർ, കായിക യുവജനകാര്യാലയം

5. ശ്രീമതി. ബിജി കെ, ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യവകുപ്പ്

6. ശ്രീ. വി സുനിൽ കുമാർ, പ്രസിഡന്റ് കേരള ഒളിമ്പിക് അസ്സോസിയേഷൻ

7. ശ്രീ.അജികുമാർ ജി, ഡെപ്യൂട്ടി സെക്രട്ടറി, കായിക യുവജനകാര്യവകുപ്പ്

8. ഡോ. പ്രദീപ് സി.എസ് അഡിഷണൽ ഡയറക്ടർ, കായിക യുവജനകാര്യാലയം